# എബ്രായലേഖനത്തിന്റെ ജീവ-പഠനം

ദൂത് മുഷത്

## പക്വതയിലേക്കു നടത്തപ്പെടുന്നതും നങ്കൂരത്തോടും മുൻഗാമിയോടുംകൂടെ അഭയത്തിലേക്ക് ഓടിപ്പോകുന്നതും

Tue ➞

### പക്വതയിലേക്കു നടത്തപ്പെടുന്നത്

എബ്രായലേഖനം പക്വതയെക്കുറിച്ചുള്ള ഒരു പുസ്തകമാണ്. പക്വതയിലേക്കു നടത്തപ്പെടേണ്ടതിന് നാം നദി മുറിച്ചുകടക്കേണ്ടതാവശ്യമാണ്. നമുക്ക് ഒരു വൈകല്യമുണ്ടായിരിക്കുകയോ മുന്നോട്ടുപോകാൻ പ്രാപ്തിയില്ലാതിരിക്കുകയോ ചെയ്യുമ്പോഴെല്ലാം, അത് നമുക്ക് നദി മുറിച്ചുകടക്കാനുള്ള സമയമാണ്. യിസ്രായേൽമക്കൾ ചെങ്കടലും യോർദ്ദാൻ നദിയും കടന്നതുപോലെ, ഒന്നിനു പുറകെ ഒന്നായി നാം നദികൾ മുറിച്ചുകടക്കണം.

പക്വത പ്രാപിക്കുകയെന്നാൽ എന്താണ് അർഥമാക്കുന്നത്? നാം നമ്മിൽത്തന്നെയോ വ്യക്തിതിപരതയുള്ളവരോ ആകുന്നുവെങ്കിൽ നാം പക്വതയില്ലാത്തവരാണെന്ന് വർഷങ്ങളായി നാം പഠിച്ചിട്ടുണ്ട്. വിശുദ്ധരോ ആത്മികരോ വിജയികളോ ആയിരിക്കുവാൻ നാം ശ്രമിക്കുന്നുവെങ്കിൽ, അതും അപക്വതയാണ്. യഥാർഥ പക്വത നമ്മുടെ ആത്മാവിൽ മാത്രമല്ല, സഭാജീവിതത്തിലുമാണ്. സഭാജീവിതം നാം പക്വതയുള്ളവരായിത്തീർന്നതിന്റെ അടയാളമാണ്. ഏകദേശം അമ്പതു വർഷമായുള്ള എന്റെ നിരീക്ഷണത്തിന്റെയും വീക്ഷണത്തിന്റെയും ഫലമായി സഭയ്ക്കു വെളിയിൽ ജീവനിലുള്ള യഥാർഥ പക്വത ഇല്ലെന്ന് എനിക്കു സാക്ഷ്യപ്പെടുത്തുവാൻ കഴിയും. യഥാർഥ പക്വത സഭാജീവിതത്തിൽ മാത്രമേ കണ്ടെത്തുവാൻ കഴിയുകയുള്ളൂ.

ഈ പുസ്തകം എഴുതപ്പെട്ടിരിക്കുന്ന എബ്രായ വിശ്വാസികൾ തങ്ങളുടെ ക്രിസ്തീയ ജീവിതത്തിൽ ചാഞ്ചാടുന്നവരായിരുന്നു. മുമ്പോട്ടുപോകണമോ അതോ മടങ്ങിപ്പോകണമോ എന്നറിയാതെ അവർ തങ്ങളുടെ മനസ്സിൽ അത്ഭുതപ്പെടുകയായിരുന്നു. ആ

ഘട്ടത്തിലാണ് മുമ്പോട്ടുപോകുവാൻ അവരെ ഉത്സാഹിപ്പിക്കുന്നതിന് ഈ പുസ്തകം എഴുതിയത്.

മുമ്പോട്ടുപോകാനുള്ള ഏറ്റവും നല്ല മാർഗം എല്ലാം മറക്കുക എന്നതാണ്. ഒരിക്കൽ നാം എല്ലാം മറന്നുകഴിഞ്ഞാൽ നാം മുമ്പോട്ടുപോകും. നമ്മുടെ പരിതസ്ഥിതിയെയും, നമ്മുടെ ഭൂതകാലത്തെയും, നമ്മുടെ ഭാവിയെയും, അതിനോടു ബന്ധപ്പെട്ട സകല കാര്യങ്ങളെയും ചിന്തിച്ചുകൊണ്ടിരിക്കുവാൻ നാം സമയം ചെലവഴിച്ചേക്കാം, എങ്കിലും മുമ്പോട്ടുപോകുന്നതിൽ നാം ഒരു മണിക്കൂർപോലും ചെലവഴിക്കുന്നില്ല. പല സമയങ്ങളിലും കഴിഞ്ഞതിനെയും ഇപ്പോഴത്തെതിനെയും ഭാവിയിലുള്ളതിനെയും മറ്റനേകം കാര്യങ്ങളെയും കുറിച്ചു ചോദിച്ചുകൊണ്ട് പ്രിയപ്പെട്ട വിശുദ്ധന്മാർ എന്റെ അടുക്കൽ വന്നിട്ടുണ്ട്. അവരുടെ ചോദ്യങ്ങൾക്ക് ഒരിക്കലും ഉത്തരം നൽകാത്ത കാര്യത്തിൽ ഞാൻ പ്രശസ്തനായിത്തീർന്നു. ഞാൻ ഉപദേശത്തിന്റെ ഒരു വാക്കു മാത്രമേ നല്കിയുള്ളൂ: "മുമ്പോട്ടുപോകുക. നിങ്ങളുടെ ഭൂതകാലത്തെക്കുറിച്ചു സംസാരിക്കുകയോ ഓർക്കുകയോ ചെയ്യരുത്. ഇപ്പോഴത്തേതുപോലും നിങ്ങൾ മറക്കുകയും ഭാവിക്കുവേണ്ടി കരുതാതിരിക്കുകയും ചെയ്യുക. നിങ്ങൾ വാസ്തവമായി മുമ്പോട്ടുപോകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, മുമ്പോട്ടുപോകുക മാത്രം ചെയ്യുക." യാതൊന്നും ഓർക്കാതിരിക്കുന്നവരാണ് മികച്ച രീതിയിൽ മുമ്പോട്ടുപോകുന്നത്. ഒരു ഓട്ടമത്സരത്തിലെ ഓട്ടക്കാരെ നോക്കുക. അവർ ഓടിക്കൊണ്ടിരിക്കുമ്പോൾ, യാതൊന്നിനെക്കുറിച്ചും ചിന്തിക്കുവാൻ അവർക്കു നേരമില്ല. ഓട്ടമത്സരത്തിൽ ഓടുക എന്ന ഒരു കാര്യം മാത്രമേ അവർക്ക് അറിയാവൂ.

ഇവിടെ ഒരു അടിസ്ഥാന തത്ത്വം നാം കാണുന്നു: നമ്മിലാരെങ്കിലും ശരിയായ പാതയിൽനിന്നും വീണുപോകുകയോ, അല്ലെങ്കിൽ ഓട്ടമത്സരത്തിലെ ഓട്ടം നിർത്തുകയും പിന്നെ തുടർന്നും ഓടുവാൻ പ്രേരിപ്പിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ, അവൻ ശങ്കിക്കുകയോ ചോദ്യങ്ങൾ ചോദിക്കുകയോ അരുത്. അവൻ മുമ്പോട്ടുപോകുക മാത്രം വേണം. പല ചെറുപ്പക്കാരും കർത്താവിനോടുകൂടെ മുമ്പോട്ടുപോകുവാൻ ഉത്തേജിക്കപ്പെടുമ്പോൾ, കർത്താവ് അവരോടു ക്ഷമിക്കുമോ അതോ അവരോടു സന്തോഷമുള്ളവനായിരിക്കുമോ എന്ന് ആശ്ചര്യപ്പെട്ടുകൊണ്ട്, തങ്ങൾക്ക് മുമ്പോട്ടുപോകുവാൻ കഴിയേണ്ടതിന് എന്തു ചെയ്യണം എന്നതിനെക്കുറിച്ച് അവരിൽ ചിലർ ആശങ്കപ്പെടുന്നു. നിങ്ങളും ഇതുപോലെയാണെങ്കിൽ, കർത്താവിനോടുകൂടെ മുമ്പോട്ടുപോകുന്നത് നിങ്ങൾക്ക് പ്രയാസമായിരിക്കും. നിങ്ങൾക്ക് കർത്താവുമായിട്ടാണ് കാര്യമെങ്കിൽ, അവനോടുകൂടെ മുമ്പോട്ടുപോകുക മാത്രം ചെയ്യുക. അവൻ നിങ്ങളോടു ക്ഷമിക്കുമോ

അതോ നിങ്ങളോട് സന്തോഷമുള്ളവനായിരിക്കുമോ എന്നതു മറക്കുക. നിങ്ങൾ ലക്ഷ്യത്തിലെത്തി സമ്മാനം നേടുന്നതുവരെ അങ്ങനെയുള്ള കാര്യങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കുവാൻ സമയമെടുക്കരുത്. നിങ്ങൾ ശരിയാണോ തെറ്റാണോ എന്ന് ആശ്ചര്യപ്പെട്ടുകൊണ്ടിരിക്കരുത്—മുമ്പോട്ടു പോകുക.

എബ്രായർ 6 അനുസരിച്ച്, മുമ്പോട്ടുപോകുന്നതിന് മറ്റൊരു അടിസ്ഥാനം ഇടേണ്ട ആവശ്യമില്ല. ഒരു പുതിയ മീറ്റിംഗ് ഹാൾ പണിയുന്ന സഹോദരന്മാർ അടിസ്ഥാനമിട്ടെങ്കിലും, നിരാശരായിത്തീർന്നിട്ട് പണി അവസാനിപ്പിച്ചുവെന്നു കരുതുക. മീറ്റിംഗ് ഹാളിന്റെ പണി തുടരാൻ അവർ പ്രചോദിതരായശേഷം അവർ ആദ്യം മുതൽ പുനരാരംഭിച്ച് മറ്റൊരു അടിസ്ഥാനമിടണമോ? ഇല്ല, അത് ഭോഷത്വമായിരിക്കും. അവർ അത് കുറെയേറെ പ്രാവശ്യം ചെയ്താൽ, കെട്ടിടത്തിനുള്ള സ്ഥലം മുഴുവൻ അടിസ്ഥാനങ്ങൾ കൊണ്ടു നിറയും. ചുമരുകളോ മേൽക്കൂരയോ കെട്ടിടമോ ഉണ്ടാവില്ല, ധാരാളം അടിസ്ഥാനങ്ങൾ മാത്രം ഉണ്ടായിരിക്കും. അങ്ങനെ ഒരു കാര്യം ചെയ്യുന്നത് ഭോഷത്വമാണെങ്കിലും, ഞാനടക്കം അനേകം ക്രിസ്ത്യാനികളും തങ്ങളുടെ ക്രിസ്തീയ ജീവിതത്തിൽ ഈ കാര്യം ചെയ്തിട്ടുണ്ട്. എന്റെ ക്രിസ്തീയ ജീവിതത്തിന്റെ ആദ്യ വർഷങ്ങളിൽ ഞാൻ നിരവധി അടിസ്ഥാനങ്ങളിട്ടു. ഞാൻ ഉണർവു പ്രാപിച്ചതിനുശേഷം, ക്രമേണ വീണ്ടും താഴേക്കു പോകും. പിന്നീട്, വീണ്ടും ഉണർവു പ്രാപിക്കുകയും, മാനസാന്തരപ്പെടാനും ആദ്യം മുതലുള്ളതെല്ലാം വീണ്ടും ഏറ്റുപറയുവാനും മനഃപൂർവമായും പൂർണ്ണമായും ആരംഭത്തിലേക്കു മടങ്ങും. "വീണ്ടും മാനസാന്തരത്തിങ്കലേക്ക് പുതുക്കുക" എന്നതിന്റെ അർഥം ഇതാണ്, ഇത് "മാനസാന്തരത്തിന്റെ അടിസ്ഥാനം" പിന്നെയും ഇടുന്നതാണ്. കുറച്ചു സമയത്തിനുശേഷം, ഞാൻ വീണ്ടും വ്യതിചലിച്ചുപോകുകയും, പിന്നെയും ഏറ്റുപറയുവാൻ പോകുകയും, മറ്റൊരു സമയത്ത് വീണ്ടും ഏറ്റുപറയുകയും ചെയ്യും. ഒടുവിൽ, ഇതിനാൽ ഞാൻ മടുപ്പുള്ളവനായിത്തീർന്നു, എന്നാൽ എന്തുചെയ്യണമെന്ന് എനിക്കറിയില്ലായിരുന്നു. ഒരു ദിവസം, എബ്രായർ ആറാം അധ്യായം വായിച്ചുകൊണ്ടിരുന്നപ്പോൾ, ഞാൻ എത്ര മണ്ടനായിരുന്നു എന്ന് എനിക്കു മനസ്സിലായി. ഞാൻ അനുതപിച്ചുകഴിഞ്ഞ ഒരു കാര്യത്തെച്ചൊല്ലി വീണ്ടും അനുതപിക്കുകയോ, സമഗ്രമായ മറ്റൊരു ഏറ്റുപറച്ചിൽ നടത്തുവാൻ ആരംഭത്തിലേക്കു മടങ്ങിപ്പോകുകയോ ചെയ്യേണ്ട ആവശ്യം ഇല്ല. ഞാൻ മുമ്പോട്ടുപോകുക മാത്രം വേണം.

ഇന്നത്തെ ക്രിസ്തുമതത്തിലെ ഉണർവുകൾ എന്നു വിളിക്കപ്പെടുന്ന മിക്കതും ജനം മടങ്ങിപ്പോയി പിന്നെയും പിന്നെയും മറ്റൊരു അടിസ്ഥാനം ഇടുവാൻ മാത്രം പ്രേരിപ്പിക്കുന്നു. പ്രശസ്തനായ ഒരു പ്രസംഗകൻ വരുകയും ജനത്തെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. ചില മാസങ്ങൾക്കുശേഷം അവർ താഴേക്കു പോകുവാൻ

തുടങ്ങുകയും, അവരെ ഒരിക്കൽകൂടെ ഉണർത്തുവാൻ മറ്റൊരു പ്രസംഗകൻ വരുകയും ചെയ്യുന്നു. ഓരോ സമയവും ജനം ഉണർത്തപ്പെടുമ്പോൾ അവർ മറ്റൊരു അടിസ്ഥാനം ഇടുന്നു. മിക്ക ക്രിസ്ത്യാനികളും ഒരേ അടിസ്ഥാനം വീണ്ടും വീണ്ടും ഇടുന്നു. ഇതുകൊണ്ടാണ് നമുക്ക് എബ്രായർ 6 ആവശ്യമായിരിക്കുന്നത്.

മറ്റൊരു അടിസ്ഥാനമിടുന്നതിനെക്കുറിച്ച് നാം മറക്കുകയും മുമ്പോട്ടുപോകുകയും വേണം. കർത്താവു നിങ്ങളോട് ക്ഷമിക്കുമോ ഇല്ലയോ എന്നു ചിന്തിച്ചുകൊണ്ടിരിക്കരുത്—ലക്ഷ്യത്തിലെത്തുന്നതുവരെ മുമ്പോട്ടുപോകുക മാത്രം ചെയ്യുക. കർത്താവിനോടുകൂടെ പോകുവാൻ നിങ്ങൾ ഉത്തേജിപ്പിക്കപ്പെട്ടുകഴിഞ്ഞാൽ, അധികം മാനസാന്തരത്തിന്റെ ആവശ്യമില്ല. ഇന്നത്തെ നവോത്ഥാനപ്രചരണ ക്രിസ്തുമതത്തിൽ മാനസാന്തരത്തിന് അമിതമായ ഊന്നൽ നല്കിയിട്ടുണ്ട്. ജനത്തെ മാനസാന്തരത്തിലേക്കു ഇളക്കിവിടുക എന്ന കഴിവ് മിക്കവാറും എല്ലാ നവോത്ഥാനപ്രചാരകരും പഠിച്ചിട്ടുണ്ട്. എന്നാൽ നിങ്ങൾ ഇത്രയധികം മാനസാന്തരപ്പെടേണ്ട ആവശ്യമില്ലെന്ന് ഞാൻ ഇപ്പോൾ നിങ്ങളോടു പറയുന്നു. നിങ്ങളുടെ മാനസാന്തരത്താൽ കർത്താവു മുഷിഞ്ഞിരിക്കുന്നു. ഒരർഥത്തിൽ, മാനസാന്തരപ്പെട്ടുകൊണ്ടുള്ള നിരവധി പ്രാർഥനകൾമൂലം കർത്താവു മടുത്തിരിക്കുന്നു. ഒരേ കാര്യത്തെച്ചൊല്ലി വീണ്ടും വീണ്ടും മാനസാന്തരപ്പെടാതെ നിങ്ങൾ മുമ്പോട്ടുപോകുന്നതു കാണുവാൻ അവൻ ആഗ്രഹിക്കുന്നു. മുമ്പോട്ടുപോകുകയെന്നാൽ കേവലം നദി മുറിച്ചുകടക്കുക എന്നാണ്, ഒരു വശത്തുനിന്നും മറ്റൊന്നിലേക്കും, ഒരു ഘട്ടത്തിൽനിന്നും മറ്റൊന്നിലേക്കും, ഒരു നിൽപിൽനിന്നും മറ്റൊന്നിലേക്കും പോകുകയാണ്. സംസാരിക്കുകയോ ചിന്തിച്ചു കൊണ്ടിരിക്കുകയോ ചെയ്യരുത്. മുമ്പോട്ടുപോകുക. നിങ്ങളുടെ പഴയ ധാരണകളെയും അറിവുകളെയും ഉപദേശങ്ങളെയും പഠിപ്പിക്കലുകളെയും ഉപേക്ഷിച്ച് മുമ്പോട്ടുപോകുക. നിങ്ങൾ എത്ര വേഗം മുമ്പോട്ടുപോകുന്നുവോ അത്രയും നല്ലത്.

## I. ക്രിസ്തുവിനെക്കുറിച്ചുള്ള ആരംഭവചനം വിട്ടുകളഞ്ഞ്

നമുക്ക് മുമ്പോട്ടുപോകണമെങ്കിൽ ക്രിസ്തുവിനെക്കുറിച്ചുള്ള ആരംഭവചനം വിട്ടുകളയണം (6:1). ഇതിനർഥം, നാം അടിസ്ഥാന ഘട്ടം, പാലിന്റെ ഘട്ടം, ശൈശവ ഘട്ടം വിട്ടുകളയണം എന്നാണ്. കഴിഞ്ഞ ദൂതിൽ നാം കണ്ടതുപോലെ, ക്രിസ്തുവിന്റെ ആരംഭവചനം ക്രിസ്തുവിൽ ശിശുക്കൾക്കു വേണ്ടിയുള്ള പാലാണ്. മുന്നോട്ടു പോകുന്നതിന് നമുക്കു തുടക്കത്തിൽ ലഭിച്ച ഉപദേശങ്ങൾ വിട്ടുകളഞ്ഞ് ഇനിമേൽ ശിശുഭക്ഷണംകൊണ്ട് പോഷിപ്പിക്കപ്പെടാതിരിക്കണം. ഈ പുസ്തകത്തിൽ നമുക്കു ശുശ്രൂഷിച്ചിട്ടുള്ള നീതിയുടെ വചനം (5:13-14) എന്ന കട്ടിയുള്ള ആഹാരംകൊണ്ട് പോഷിപ്പിക്കപ്പെട്ട് ശൈശവ ഘട്ടത്തിൽനിന്നും പക്വതയിലേക്ക് നാം മുമ്പോട്ടുപോകണം.

## II. പിന്നെയും അടിസ്ഥാനം ഇടാതിരുന്ന്

### A. അടിസ്ഥാനം ഇട്ടുകഴിഞ്ഞിരിക്കുന്നു, പിന്നെയും ഇടേണ്ട ആവശ്യമില്ല

അടിസ്ഥാനം ഇട്ടുകഴിഞ്ഞിരിക്കുന്നു, അത് പിന്നെയും ഇടേണ്ട ആവശ്യമില്ല (6:2). അടിസ്ഥാനം ആറു കാര്യങ്ങളാലാണ്: നിർജ്ജീവ പ്രവൃത്തികളിൽ നിന്നുള്ള മാനസാന്തരം, ദൈവത്തിലുള്ള വിശ്വാസം, സ്നാനങ്ങളുടെ ഉപദേശം, കൈവെപ്പ്, മരിച്ചവരുടെ പുനരുത്ഥാനം, നിത്യ ന്യായവിധി (വാ. 1-2). ഇതാണ് നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം, അത് നാം രക്ഷിക്കപ്പെട്ട സമയത്ത് ആരംഭത്തിൽ ഇട്ടതായിരുന്നു. ഇത് ഇട്ടുകഴിഞ്ഞതിനാൽ പിന്നെയും ഇടേണ്ട ആവശ്യമില്ല. രക്ഷിക്കപ്പെട്ടതിനുശേഷം നാം വീണുപോകുന്നുവെങ്കിൽ, നാം മാനസാന്തരപ്പെട്ടുകഴിഞ്ഞ കാര്യങ്ങളെച്ചൊല്ലി മാനസാന്തരപ്പെടുവാൻ മടങ്ങിപ്പോകേണ്ട ആവശ്യമില്ല. നമ്മുടെ കഴിഞ്ഞകാല മാനസാന്തരം ആവർത്തിക്കുവാൻ നാം മടങ്ങിപ്പോകുന്നുവെങ്കിൽ, അതിനർഥം നാം മറ്റൊരു അടിസ്ഥാനമിടുവാൻ മടങ്ങിപ്പോകുന്നു എന്നാണ്. വീണുപോയതിനുശേഷം നാം മടങ്ങിവരുകയും കർത്താവിനോടുകൂടെ പോകുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ, നമ്മുടെ പഴയ മാനസാന്തരം ആവർത്തിക്കേണ്ട ആവശ്യമില്ല. നാം മുമ്പോട്ടുപോയാൽ മാത്രം മതി. നിർമാണ പ്രവർത്തനങ്ങളുടെ ഉദാഹരണം നമുക്ക് വീണ്ടും ഉപയോഗിക്കാം. അടിസ്ഥാനം ഇട്ടതിനുശേഷം ഒരു മീറ്റിംഗ് ഹാളിന്റെ പണി നിർത്തിവയ്ക്കുകയാണെങ്കിൽ, തുടർന്നുള്ള കെട്ടിട നിർമാണത്തിന് മറ്റൊരു അടിസ്ഥാനം ഇടേണ്ട ആവശ്യമില്ല. നേരത്തെ ഇട്ട അടിസ്ഥാനത്തിന്മേൽ വേലക്കാർ പണിതാൽ മാത്രം മതി. ഒരു ഓട്ടമത്സരത്തിൽ ഓടുന്നതിന്റെ ഉദാഹരണം കൂടി നമുക്കുപയോഗിക്കാം. ഓട്ടം തുടങ്ങിയതിനുശേഷം ഒരു ഓട്ടക്കാരൻ വീണുപോയെങ്കിൽ, ഓട്ടം വീണ്ടും തുടങ്ങുവാൻ അവൻ മടങ്ങിപ്പോകേണ്ട ആവശ്യമില്ല. അവൻ വീണുപോയ അതേ സ്ഥലത്തുനിന്ന് മുന്നോട്ടുപോയാൽ മാത്രം മതി. നമ്മുടെ ക്രിസ്തീയ ജീവിതം ഒരു കെട്ടിട നിർമാണ പദ്ധതിയും ഒരു ഓട്ടമത്സരവുമാണ്. തുടങ്ങിയതിനുശേഷം നാം വീണുപോകുന്നുവെങ്കിൽ, തുടക്കത്തിലേക്കു മടങ്ങിപ്പോയി വീണ്ടും ആരംഭിക്കേണ്ട ആവശ്യം നമുക്കില്ല; നമ്മൾ വീണുപോയ സ്ഥലത്തുനിന്നും മുമ്പോട്ടുപോയാൽ മാത്രം മതി.

### Wed →B. മാനസാന്തരത്തിലേക്ക് പിന്നെയും പുതുക്കുന്നത് അസാധ്യമാകുന്നു

4 മുതൽ 6 വരെയുള്ള വാക്യങ്ങളിൽ പറയുന്നു, "എന്തെന്നാൽ

ഒരിക്കൽ പ്രകാശനം ലഭിക്കുകയും, സ്വർഗീയ ഉപഹാരം രുചിക്കുകയും, പരിശുദ്ധാത്മാവിൽ പങ്കുകൊള്ളുന്നവർ ആയിത്തീരുകയും ചെയ്തവർ വീണുപോയാൽ തങ്ങളെത്തന്നെ വീണ്ടും മാനസാന്തരത്തിങ്കലേക്ക് പുതുക്കുക അസാധ്യമാകുന്നു." നിരവധി ക്രിസ്തീയ ഉപദേഷ്ടാക്കന്മാർ ഇതിനെ തെറ്റായി വ്യാഖ്യാനിക്കുകയും അനേകം പ്രസംഗകർ ഇതിനെ ദുരുപയോഗം ചെയ്യുകയും ചെയ്യുന്നു. കർത്താവിൽ വിശ്വസിച്ചതിനുശേഷം നാം പാപം ചെയ്യുന്നുവെങ്കിൽ നമുക്ക് മാനസാന്തരപ്പെടുവാനും ക്ഷമിക്കപ്പെടുവാനും കഴിയില്ലെന്നാണ് എബ്രായർ 6 പറയുന്നതെന്ന് അവർ അവകാശപ്പെടുന്നു. ഈ വാക്യത്തിന്റെ അർഥം ഇതല്ല. ഇത് അർഥമാക്കുന്നത്, നിങ്ങൾ ഒരിക്കൽ മാനസാന്തരപ്പെടുകയും കർത്താവിനോടുകൂടെ പോകുവാൻ ഉത്തേജിപ്പിക്കപ്പെടുകയും ചെയ്തശേഷം, പിന്നെയും മാനസാന്തരപ്പെടേണ്ട ആവശ്യമില്ല എന്നാണ്. കർത്താവിന്റെ ദൃഷ്ടിയിൽ, നിങ്ങൾക്ക് ഇതു ചെയ്യുന്നത് അസാധ്യമാണ്. ഒരിക്കൽ അടിസ്ഥാനം ഇട്ടുകഴിഞ്ഞാൽ, പിന്നെയും ഇടുന്നത് അസാധ്യമാണ്. ഒരിക്കൽ പ്രകാശിപ്പിക്കപ്പെടുകയും, സ്വർഗീയ ഉപഹാരം രുചിക്കുകയും, പരിശുദ്ധാത്മാവിൽ പങ്കുകൊള്ളുന്നവർ ആയിത്തീരുകയും, ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള യുഗത്തിന്റെ ശക്തികളും രുചിക്കുകയും ചെയ്തവർ, തങ്ങൾ വിശ്വസിച്ച സമയത്തുതന്നെ അടിസ്ഥാനം ഇട്ടുകഴിഞ്ഞു. ഒരിക്കൽ അവർ വീണുപോകുകയും മടങ്ങിവരികയും ചെയ്താൽ, അവർ പിന്നെയും അടിസ്ഥാനം ഇടേണ്ട ആവശ്യമില്ല. അവർ എഴുന്നേറ്റ് മുമ്പോട്ടുപോകുകയും, പക്വതയിലേക്കു നടത്തപ്പെടുകയും വേണം. അവരുടെ മാനസാന്തരം ആവർത്തിക്കേണ്ട ആവശ്യമില്ല, കാരണം ആ മാനസാന്തരത്തെ "വീണ്ടും പുതുക്കുക അസാധ്യമാകുന്നു". ഇത് ആവശ്യമില്ലെന്ന് വാക്യം 1 ചൂണ്ടിക്കാണിക്കുകയും; ഇത് സാധ്യമല്ലെന്ന് വാക്യം 4 പറയുകയും; ഇതു ശരിയല്ലെന്ന് വാക്യം 7-ഉം 8-ഉം കാണിക്കുകയും ചെയ്യുന്നു. അങ്ങനെ, ഒരു വിശ്വാസി പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കുന്നത് അസാധ്യമാണെന്ന് ഈ വാക്യം അർഥമാക്കുന്നില്ല. ഇത് അർഥമാക്കുന്നത് വീണുപോയ ഒരു ക്രിസ്ത്യാനി തന്റെ ആരംഭത്തിലെ മാനസാന്തരത്തെ ആവർത്തിക്കുവാൻ മടങ്ങിപ്പോകേണ്ട ആവശ്യമില്ലെന്നാണ്. ദൈവത്തിന്റെ ദൃഷ്ടിയിൽ, ഇത് അസാധ്യമാണ്.

വാക്യം 4-ൽ പറഞ്ഞിരിക്കുന്ന സ്വർഗീയ ഉപഹാരം, നാം രക്ഷിക്കപ്പെട്ട സമയത്ത് ദൈവം നമുക്കു നല്കിയ തന്റെ പാപക്ഷമയും നീതിയും ദിവ്യജീവനും സമാധാനവും സന്തോഷവും പോലെയുള്ള സ്വർഗീയ കാര്യങ്ങളെയാണ് പരാമർശിക്കുന്നത്. വാക്യം 5-ലെ "വചനം" എന്നു വിവർത്തനം ചെയ്തിരിക്കുന്ന യവനപദം റേമയാണ്, അതായത് ദൈവത്തിന്റെ തൽക്ഷണ

വചനമാണ്. ഇവിടെ പറയുന്ന "ദൈവത്തിന്റെ നല്ല വചനം" വാക്യം 1-ലെ ക്രിസ്റ്റുവിന്റെ ആരംഭ വചനത്തെയാണ് പരാമർശിക്കുന്നത്, അത് എബ്രായ വിശ്വാസികൾ കർത്താവിൽ വിശ്വസിച്ചപ്പോൾ രുചിച്ച പാലാണ്. ഇനി അവർ നീതിയുടെ വചനമെന്ന ആഴമേറിയ വചനത്തിലേക്കു പോകണം (5:13), അത് മുഖ്യമായും ദൈവത്തിന്റെ വീണ്ടെടുപ്പിനെ സംബന്ധിച്ചതല്ല, അവന്റെ വ്യവസ്ഥയുടെ മാർഗത്തെ സംബന്ധിച്ചതും, അവർ പക്വതയിലെത്തുവാൻ (വാ. 3) അവർക്കുവേണ്ടിയുള്ള കട്ടിയുള്ള ആഹാരവും ആണ്.

വാക്യം 5-ലെ "ശക്തി" എന്ന പദം ദിവ്യശക്തിയെയും "വരുവാനുള്ള യുഗം" വരാനിരിക്കുന്ന രാജ്യയുഗത്തെയും പരാമർശിക്കുന്നു. വരാനിരിക്കുന്ന രാജ്യത്തിന്റെ ദിവ്യശക്തി പഴയതായിത്തീർന്നിരിക്കുന്ന കാര്യങ്ങളെ പുനഃസ്ഥാപിക്കുന്നതിനും പുതുക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമാണ് (മത്താ. 19:28). വിശ്വാസികളുടെ പുനർജനനത്തിന്റെ സമയത്ത് (തീത്തൊ. 3:5) തങ്ങൾ പുനഃസ്ഥാപിക്കപ്പെടുവാനും പുതുക്കപ്പെടുവാനും പുനരുജ്ജീവിപ്പിക്കപ്പെടുവാനും ഇടയാക്കിയ ഈ ദിവ്യശക്തിയെ അവർ എല്ലാവരും രുചിച്ചിരുന്നു.

മിക്ക ക്രിസ്റ്റീയ ഉപദേഷ്ടാക്കന്മാരും പറയുന്നത് ഇവിടെ പറഞ്ഞിരിക്കുന്ന വീണുപോയവൻ ഒരു വ്യാജ ക്രിസ്ത്യാനിയാകുന്നു എന്നാണ്. എന്നാൽ പ്രകാശിപ്പിക്കപ്പെട്ടവനും, സ്വർഗീയ ഉപഹാരം രുചിച്ചവനും, പരിശുദ്ധാത്മാവിൽ പങ്കുകൊള്ളുകയും, ദൈവത്തിന്റെ നല്ല വചനത്തെയും വരുവാനുള്ള രാജ്യത്തിന്റെ ശക്തികളെയും രുചിക്കുകയും ചെയ്തവന് എങ്ങനെ ഒരു വ്യാജ ക്രിസ്ത്യാനിയായിരിക്കുവാൻ കഴിയും? പ്രതിഫലത്തിന്റെയും ശിക്ഷയുടെയും കാര്യം കാണാതെ മിക്ക ക്രിസ്റ്റീയ ഉപദേഷ്ടാക്കന്മാരും ഇവിടെ ഒരു വലിയ തെറ്റു വരുത്തുന്നു. ഇവിടത്തെ സന്ദർഭമനുസരിച്ച്, അങ്ങനെ വീണുപോയ ഒരുവൻ തീർച്ചയായും ഒരു യഥാർഥ ക്രിസ്ത്യാനിയാണ്. അവൻ ഒരിക്കലും നശിച്ചുപോകുകയില്ല, എന്നാൽ വാക്യം 8 വെളിപ്പെടുത്തുന്നതുപോലെ, അവൻ ചില ശിക്ഷ അനുഭവിക്കും. അങ്ങനെ, അവൻ മടങ്ങിവരുകയും മുമ്പോട്ടുപോകുകയും ചെയ്യേണ്ടത് ആവശ്യമാണ്. മുമ്പോട്ടുപോകുന്നതിന്, പിന്നെയും അടിസ്ഥാനം ഇടുവാൻ അവൻ മടങ്ങിപ്പോകേണ്ട ആവശ്യമില്ല. അടിസ്ഥാനം ഇടുവാൻ അവൻ പിന്നെയും പോയാൽപോലും അവന് അതു ചെയ്യുവാൻ അസാധ്യമായിരിക്കും, കാരണം അവൻ എന്തു ചെയ്താലും ദൈവം അത് എണ്ണുന്നില്ല.

## C. പരസ്യമായി ലജ്ജിപ്പിച്ചുകൊണ്ട് ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നു

**എബ്രായ ക്രിസ്ത്യാനികൾ അവരുടെ പഴയ, പരമ്പരാഗതമായ യെഹൂദമതത്തിലേക്കു മടങ്ങുന്നതിലൂടെ നിർമലമായ ക്രിസ്റ്റീയ**

വിശ്വാസത്തിൽനിന്നും വ്യതിചലിക്കുന്നതിനെ വാക്യം 6-ലെ "വീണുപോയി" എന്ന പദം പരാമർശിക്കുന്നു. തത്ത്വത്തിൽ, ദൈവ വഴിയുടെ ശരിയായ പാതയിൽനിന്നും അകന്നുപോയ ഏതു ക്രിസ്ത്യാനിയോടും ഇതു പ്രയോഗിക്കുവാൻ കഴിയും.

ഈ വാക്യം "ദൈവപുത്രനെ വീണ്ടും ക്രൂശിക്കുകയും അവനെ പരസ്യമായി ലജ്ജിപ്പിക്കുകയും" ചെയ്യുന്നതിനെക്കുറിച്ചു സംസാരിക്കുന്നു. "ക്രൂശിക്കുക", "ലജ്ജിപ്പിക്കുക" എന്നീ പദങ്ങൾ ഇതേ വാക്യത്തിലെ "പുതുക്കുക" എന്ന ആഖ്യാതത്തെ വിശേഷിപ്പിക്കുന്നു. പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുകയെന്നാൽ ഒരുവൻ ചെയ്ത അനുതാപത്തെ ആവർത്തിക്കുക എന്നാണർഥമാക്കുന്നത്. ഇതിന്റെ ആവശ്യമില്ല. ഇത് ചെയ്യുകയെന്നാൽ നാം ദൈവപുത്രനെ പിന്നെയും ക്രൂശിക്കുകയും പരസ്യമായി ലജ്ജിപ്പിക്കുകയും ചെയ്യുന്നു എന്നാണ്. നമ്മുടെ ആരംഭത്തിലെ മാനസാന്തരത്തിലേക്ക് മടങ്ങുവാൻ നാം ശ്രമിക്കുന്നുവെങ്കിൽ, നാം പിന്നെയും അടിസ്ഥാനം ഇടുകയാണ്. ദൈവത്തിന്റെ ദൃഷ്ടിയിൽ, ഇത് കർത്താവിനെ പിന്നെയും ക്രൂശിക്കുന്നതാണ്. കർത്താവ് നമുക്കുവേണ്ടി ക്രൂശിക്കപ്പെടുകയും, നമ്മുടെ ആരംഭത്തിലെ മാനസാന്തരത്തിൽ അതു നാം അംഗീകരിക്കുകയും ചെയ്തു. നാം നമ്മുടെ ആരംഭത്തിലെ മാനസാന്തരത്തിലേക്ക് മടങ്ങുകയാണെങ്കിൽ, നാം അവനെ വീണ്ടും ക്രൂശിക്കുകയും പരസ്യമായി ലജ്ജിപ്പിക്കുകയും ചെയ്യുകയായിരിക്കും. നാം ഇത് ഒരിക്കലും ചെയ്യരുത്.

## D. അടിസ്ഥാനം പിന്നെയും ഇടുന്നത് ശരിയല്ല

മാനസാന്തരത്തിന്റെ അടിസ്ഥാനം പിന്നെയും ഇടുന്നത് ശരിയല്ല. ഇത് ആരു ചെയ്താലും പാഴാണ്. മീറ്റിംഗ് ഹാളിനു വേണ്ടി ഒരിക്കൽ ഇട്ടുകഴിഞ്ഞ അടിസ്ഥാനം സഹോദരന്മാർ പിന്നെയും ഇടുന്നത് തെറ്റാണെന്നു മാത്രമല്ല, അതൊരു പാഴ് വേലയുമാണ്.

ഈ സമയത്ത് 7-ഉം 8-ഉം വാക്യങ്ങൾ നമുക്കു വായിക്കാം. "എന്തെന്നാൽ ഭൂമി, അതിന്മേൽ പലപ്പോഴായി പെയ്യുന്ന മഴ കുടിച്ചിട്ട്, കൃഷി ചെയ്യവർക്ക് അനുയോജ്യമായ സസ്യാദികൾ പുറപ്പെടുവിക്കുമ്പോൾ, ദൈവത്തിൽനിന്നുള്ള അനുഗ്രഹത്തിൽ പങ്കുകൊള്ളുന്നു. എന്നാൽ അത് മുള്ളുകളും ഞെരിഞ്ഞിലുകളും പുറപ്പെടുവിച്ചാൽ, അത് നിരാകരിക്കപ്പെട്ടതും ശാപത്തിനടുത്തതും ആകുന്നു, കത്തിച്ചുകളയുകയത്രേ അതിന്റെ അവസാനം." തങ്ങളുടെ ആരംഭത്തിലെ മാനസാന്തരത്തെ പുതുക്കുവാൻ വീണ്ടും വീണ്ടും മടങ്ങിപ്പോകുന്നവർ, അതിന്മേൽ പെയ്യുന്ന മഴ കുടിച്ചിട്ട് ശരിയായ സസ്യാദികൾ പുറപ്പെടുവിക്കാത്ത ഭൂമി പോലെയാണ്. ഏഴാം വാക്യത്തിലെ "മഴ" 4-ഉം 5-ഉം വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന അഞ്ചു വിഭാഗങ്ങളിലുള്ള നല്ല കാര്യങ്ങളെ

പരാമർശിക്കുന്നു. സസ്യാദികളെ വിളയിക്കുന്നത് പക്വതയിലേക്കു നടത്തപ്പെടുന്നതിന്റെ ഒരു ചിത്രമാണ്. സസ്യാദി എന്ന നിലയിൽ ക്രിസ്തുവിനെ പക്വതയിലേക്കു കൊണ്ടുവരേണ്ടതിന് ഭൂമിയായ വിശ്വാസികൾ ദൈവത്തിനുവേണ്ടി ഉഴുകപ്പെടുന്നു. ഇതിലൂടെ അവർ ദൈവത്തിൽനിന്നുള്ള അനുഗ്രഹത്തിൽ പങ്കുകൊള്ളുന്നു. ക്രിസ്തുവാണ് ശരിയായ സസ്യാദി. ക്രിസ്തുവിനെ പുറപ്പെടുവിക്കുന്നതിനുപകരം നാം മുള്ളുകളും ഞെരിഞ്ഞിലുകളും പുറപ്പെടുവിക്കുന്നുവെങ്കിൽ, അത് പാഴായിരിക്കും.

അവിശ്വാസിയായ പാപി ഒരു യഥാർഥ ശാപമാണ്, എന്നാൽ മുള്ളുകളും ഞെരിഞ്ഞിലുകളും വഹിക്കുന്ന ക്രിസ്ത്യാനികൾ ശാപത്തിനടുത്താണ്. കൃത്യമായി പറഞ്ഞാൽ, എട്ടാം വാക്യത്തിലെ മുള്ളുകളും ഞെരിഞ്ഞിലുകളും എബ്രായ ക്രിസ്ത്യാനികളുടെ പഴയ മതത്തിന്റെ പരമ്പരാഗതമായ കാര്യങ്ങളെ പരാമർശിക്കുന്നു. "നിരാകരിക്കപ്പെട്ടത്" എന്നു വിവർത്തനം ചെയ്തിരിക്കുന്ന യവനപദത്തെ "അയോഗ്യനാക്കുക", "വിലകുറഞ്ഞതായി കണക്കാക്കുക," "നിരസിക്കുക," "എറിഞ്ഞുകളയുക" എന്നും വിവർത്തനം ചെയ്യാം. ഏതെങ്കിലും വിശ്വാസി പക്വതയിലേക്കു നടത്തപ്പെടാതെ പഴയ കാര്യങ്ങളിലേക്കു തിരിയുകയാണെങ്കിൽ, അവൻ ദൈവത്താൽ നിരാകരിക്കപ്പെട്ടവനായിരിക്കും. ഒരിക്കൽ രക്ഷിക്കപ്പെട്ട വിശ്വാസികൾക്ക് ഒരിക്കലും ഒരു യഥാർഥ ശാപമായിരിക്കുവാൻ കഴിയുകയില്ല. എന്നാൽ നാം ക്രിസ്തുവിനെ വളർത്തുന്നതിനു മുമ്പോട്ടുപോകാതെ, ദൈവത്തെ നീരസപ്പെടുത്തുന്ന കാര്യങ്ങൾ പിടിച്ചുകൊള്ളുന്നുവെങ്കിൽ, നാം ദൈവത്തിന്റെ ഭരണപരമായ ഇടപെടലുകളുടെ ശിക്ഷ സഹിക്കുക എന്ന ശാപത്തിനടുത്താണ്. (ഇതിനെ 12:7-8-ലെ ഗുണീകരണത്തിന്റെ ശിക്ഷണവുമായി താരതമ്യപ്പെടുത്തുക.) യഥാർഥ ശാപമായ നിത്യനാശം എന്ന കഷ്ടത്തിൽനിന്നും ഇത് തികച്ചും വ്യത്യസ്തമാണ്.

ഭൂമിയെ ഒരിക്കലും കത്തിച്ചുകളയുവാൻ കഴിയില്ല, എന്നാൽ അതിൽ വളരുന്നതിനെ കത്തിക്കാം. അതുപോലെ, വിശ്വാസികളെ ഒരിക്കലും കത്തിച്ചുകളയുവാൻ കഴിയുകയില്ല, എന്നാൽ ദൈവത്തിന്റെ വ്യവസ്ഥപ്രകാരമല്ലാത്തതായി അവർ പുറപ്പെടുവിക്കുന്നതിനെയെല്ലാം കത്തിച്ചുകളയും. വിശ്വാസികൾ ദൈവത്തിന്റെ കൃഷിയിടമാണ്. മരം, പുല്ല്, വൈക്കോൽ എന്നിങ്ങനെ അവർ വളർത്തുന്നതെല്ലാം കത്തിച്ചുകളയും (1 കൊരി. 3:9, 12). ഭൂമിയെ കത്തിക്കുമ്പോൾ അതു നഷ്ടപ്പെട്ടുപോകുന്നില്ല; അതിനോട് ഇടപെടുകയാണ്.

എബ്രായർ 6-ലെ ഈ ഭാഗം നീതിയുടെ വചനമാണ്, പല ക്രിസ്ത്യാനികളും കേൾക്കുവാൻ ഇഷ്ടപ്പെടുന്ന പഞ്ചസാര പൊതിഞ്ഞ വചനമല്ല. ദൈവവചനത്തിലെ ഈ ഭാഗത്തു പറഞ്ഞിരിക്കുന്ന

കത്തിക്കുക എന്നത് എന്തായിരിക്കുമെന്ന് എനിക്കറിയില്ല. ദൈവത്തിന്റെ നിർമലമായ വചനം നമ്മോട് അങ്ങനെ പറയുന്നുവെന്നു മാത്രം എനിക്കറിയാം. എബ്രായർ 6-ലെ ഈ വചനം, 1 കൊരിന്ത്യർ 3:12-15-ലെ മരം, പുല്ല്, വൈക്കോൽ എന്നിവയെ ചുട്ടുകളയുന്നതിനെയും "തീയിലൂടെയെന്നപോലെ" രക്ഷിക്കപ്പെടുന്ന തിനെയും സംബന്ധിച്ച വചനത്തിനു സമാനമാണ്. ഇത് കൃപയുടെ വചനമോ, ജീവന്റെ വചനമോ, നല്ല വചനമോ അല്ല; ഇത് നീതിയുടെ വചനം എന്ന സുബോധമുള്ളതും ഗൗരവമുള്ളതുമായ വചനമാണ്.

## III. പക്വതയിലേക്കു നടത്തപ്പെടുന്നത്

എബ്രായ വിശ്വാസികൾ മുമ്പോട്ടുപോകണമെന്നു പറഞ്ഞുകൊണ്ടല്ല എഴുത്തുകാരൻ ഈ പുസ്തകം ആരംഭിച്ചത്. "നാം പക്വതയിലേക്കു നടത്തപ്പെടട്ടെ" എന്നു പറയുന്നതിനുമുമ്പ്, അവൻ അത്ഭുതകരമായ നിരവധി കാര്യങ്ങൾ പറയുന്നതിന് അഞ്ച് അധ്യായങ്ങൾ ഉപയോഗിച്ചു. പക്വതയിലേക്കു നടത്തപ്പെടാനുള്ള മാർഗം ഈ അഞ്ച് അധ്യായങ്ങളിലാണ്.

### A. ക്രിസ്തുവിന്റെ നേട്ടങ്ങളിൽ അവനുമായി പങ്കിടുന്നു

പക്വതയിലേക്കു നടത്തപ്പെടണമെങ്കിൽ, നാം ക്രിസ്തുവിന്റെ നേട്ടങ്ങളിൽ അവനുമായി പങ്കിടേണ്ടതാവശ്യമാണ് (1:9; 3:14). നാം അവന്റെ അഭിഷേകം പങ്കിടുന്ന അവന്റെ കൂട്ടാളികളാണ്. അവന്റെ നേട്ടങ്ങൾ അവനുമായി പങ്കിടുവാനുള്ള മാർഗം വിശ്വാസമാണ്. നാം അത്രയധികം മനസ്സിലാക്കേണ്ട ആവശ്യമില്ല. ഇന്ന് നമുക്കുവേണ്ടിയുള്ള സുവാർത്തയായ വചനത്തെ നാം കേവലം വിശ്വസിക്കുകയും, "കർത്താവിനു സ്തോത്രം, ഞാൻ അവന്റെ കൂട്ടാളിയാണ്. അവന്റെ അഭിഷേകം അവനുമായി പങ്കിടുവാനുള്ള സ്ഥാനവും അവകാശവും എനിക്കുണ്ട്" എന്ന് പറയുകയും മാത്രം ചെയ്യുക. അവന്റെ അഭിഷേകത്തിൽ പങ്കെടുക്കാനുള്ള അനുഭൂതി നിങ്ങൾക്കില്ലെന്നു പറയരുത്. നിങ്ങൾക്ക് അനുഭൂതി ഇല്ലെന്ന് നിങ്ങൾ എത്രയധികം പറയുന്നുവോ, അത്രയും കുറച്ച് അനുഭൂതിയേ നിങ്ങൾക്ക് ഉണ്ടായിരിക്കുകയുള്ളൂ. വിശ്വാസം ഇല്ലാത്തതിനെ ഉള്ളതുപോലെ വിളിക്കുന്നു. നാം ദൈവവചനം പറയുന്നതിനെ, നമുക്ക് അത് തോന്നിയാലും ഇല്ലെങ്കിലും, വിശ്വസിക്കുന്നു. നാം ക്രിസ്തുവിന്റെ കൂട്ടാളിയാണെന്ന് ദൈവവചനം പറയുന്നു, ഇതിനോടു നാം പറയണം, "ആമേൻ. ഞാൻ ക്രിസ്തുവിന്റെ ഒരു കൂട്ടാളിയാണ്." അവൻ അഭിഷേകം ചെയ്യ പ്പെട്ടിരിക്കുന്നുവെന്നും അവന്റെ കൂട്ടാളികളെന്ന നിലയിൽ നാം അവന്റെ അഭിഷേകം പങ്കിടുന്നുവെന്നും ദൈവവചനം പറയുന്നു. ഇതിനോടും നാം പറയണം, "ആമേൻ. അവന്റെ അഭിഷേകത്തിൽ എനിക്കൊരു പങ്കുണ്ട്."

Thu →

## B. ശേഷിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമത്തിലേക്കു പ്രവേശിക്കുന്നതിന് ശുഷ്കാന്തിയുള്ളവരാകുക

നാം പക്വതയിലേക്കു നടത്തപ്പെടണമെങ്കിൽ, ശേഷിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമത്തിലേക്കു പ്രവേശിക്കുവാൻ നാം ശുഷ്കാന്തിയുള്ളവരാകണം (4:9, 11). നാം കണ്ടതുപോലെ, ശേഷിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമം ഇന്ന് സഭാജീവിതമാണ്. ഭാവിയിൽ വരാനിരിക്കുന്ന രാജ്യത്തെക്കുറിച്ച് നാം അത്രമാത്രം ആശങ്കപ്പെടേണ്ട ആവശ്യമില്ല; ഇന്നു നാം സഭാജീവിതത്തിലേക്കു പ്രവേശിച്ചാൽ മാത്രം മതി. ഇങ്ങനെ പറയരുത്, "ഓ, കഴിഞ്ഞ വർഷങ്ങളിൽ ഞാൻ വളരെ അലസനായിരുന്നു. എങ്കിലും ഭാവിയിലുള്ള രാജ്യത്തിലേക്കു പ്രവേശിക്കുവാൻ എനിക്കു കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു." നിങ്ങളുടെ ഭൂതകാലത്തെ മറന്ന്, ഭാവിക്കുവേണ്ടി കരുതാതെ, ഇന്ന് സഭാജീവിതത്തിലേക്കു നിങ്ങൾ പ്രവേശിക്കണം. ശത്രു കൗശലക്കാരനാണ്. നമ്മിൽ അനേകരും ഇപ്പോഴും നമ്മുടെ ഭൂതകാലത്തെക്കുറിച്ചു സംസാരിക്കുകയും ഭാവിക്കുവേണ്ടി പ്രതീക്ഷകൾ ഉള്ളവരും ആണെന്നു ഞാൻ ഭയപ്പെടുന്നു. അവ രണ്ടിനെയും മറന്ന്, നാം ഇന്ന് സഭാജീവിതത്തിലും ഓട്ടത്തിലുമായിരിക്കുവാൻ ശുഷ്കാന്തിയുള്ളവരും പ്രവർത്തിക്കുന്നവരും ആകാം.

## C. കരുണ ലഭിക്കുവാനും കൃപ കണ്ടെത്തുവാനും കൃപയുടെ സിംഹാസനത്തിലേക്കു മുന്നോട്ടു വരുന്നു

കരുണ ലഭിക്കുവാനും കൃപ കണ്ടെത്തുവാനും നാം കൃപയുടെ സിംഹാസനത്തിലേക്ക് മുന്നോട്ടു വരുകയും വേണം (4:16). ജീവനിൽ വളരുവാൻ, പക്വതയിലേക്കു നടത്തപ്പെടുവാൻ, നമുക്ക് ദൈവത്തിന്റെ കരുണയും കൃപയും ആവശ്യമാണ്. നമ്മാൽത്തന്നെ വളരുക എന്നത് അസാധ്യമാണ്. ദൈവത്തിന്റെ ദൂരവ്യാപകമായ കരുണയ്ക്കും മതിയായ കൃപയ്ക്കും മാത്രമേ നമ്മെ പക്വതയിലേക്കു കൊണ്ടുവരുവാൻ കഴിയൂ. കരുണ ലഭിക്കുവാനും കൃപ കണ്ടെത്തുവാനുമുള്ള മാർഗം കൃപാസനത്തിലേക്ക് മുമ്പോട്ടുവരുന്നതാണ്. അവന്റെ സിംഹാസനം ഇന്ന് നമുക്ക് കൃപയുടെ സിംഹാസനമായതിനാൽ ദൈവത്തിനു സ്തോത്രം. "കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള കൃപ കണ്ടെത്തുവാനും" കൃപയുടെ സിംഹാസനത്തിലേക്കു മുന്നോട്ടു വരാൻ നാമെല്ലാവരും പരിശീലിക്കണം.

## D. മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള നമ്മുടെ മഹാപുരോഹിതനായ ക്രിസ്തുവിനെ ആസ്വദിക്കുവാൻ കട്ടിയുള്ള ആഹാരം ഭക്ഷിക്കുന്നു

നാം പക്വതയിലേക്കു വളരണമെങ്കിൽ, മൽക്കീസേദെക്കിന്റെ

ക്രമപ്രകാരമുള്ള നമ്മുടെ മഹാപുരോഹിതനായ ക്രിസ്തുവിനെ ആസ്വദിക്കുന്നതിന് നാം ആരംഭവചനമായ ശിശുഭക്ഷണം വെടിയുകയും, നീതിയുടെ വചനമായ കട്ടിയുള്ള വചനം ഭക്ഷിക്കുകയും വേണം (5:9-10, 14). നമ്മുടെ വീണ്ടെടുപ്പുകാരനും രക്ഷകനുമായി ക്രിസ്തുവിനെ നാം സ്വീകരിക്കുകയും, നമ്മുടെ ജീവനാകുവാൻ അവൻ നമ്മിലേക്ക് വരുകയും ചെയ്തു. നമ്മുടെ ഉള്ളിൽ ജീവനായി നാം സ്വീകരിച്ച ഈ ക്രിസ്തു മൽക്കീസേദെക്കിന്റെ ക്രമപ്രകാരം സ്വർഗത്തിലുള്ള നമ്മുടെ മഹാപുരോഹിതനും ആണ്, അവന്റെ പ്രവർത്തനം പാപത്തിനുവേണ്ടി യാഗം കഴിക്കുന്നതല്ല, നമ്മുടെ സഹായത്തിനുവേണ്ടി ദൈവത്തിന്റെ ധനം ശുശ്രൂഷിക്കുന്നതാണ്. പക്വതയിലേക്കു വളരുന്നതിനായി, ദിവ്യമൂലകത്തിന്റെ ധനത്തിൽ നാം പങ്കെടുക്കേണ്ടതിന് ദൈവത്തെ ശുശ്രൂഷിക്കുന്ന ഇങ്ങനെയുള്ള ക്രിസ്തുവിനെ നമുക്കാവശ്യമാണ്. ഇത് ശിശുഭക്ഷണമല്ല, കട്ടിയുള്ള ആഹാരമാണ്. കട്ടിയുള്ള ആഹാരം ആഗ്രഹിക്കാതെയും തങ്ങളുടെ മൽക്കീസേദെക്കായി ക്രിസ്തുവിന്റെ യാതൊന്നും അനുഭവിക്കാതെയും മിക്ക ക്രിസ്ത്യാനികളും ശിശുഭക്ഷണത്തിൽ തുടരുന്നു. പക്വതയിലേക്കുള്ള നമ്മുടെ വളർച്ചയ്ക്കുവേണ്ടി ദൈവത്തിന്റെ സമ്പന്നമായ മൂലകം നമുക്കു ലഭിക്കേണ്ടതിന് കട്ടിയുള്ള ആഹാരം ഭക്ഷിക്കുകയും സ്വർഗീയ ക്രിസ്തുവിനെ ആസ്വദിക്കുകയും ചെയ്തുകൊണ്ട് മുമ്പോട്ടുപോകുവാൻ ഈ പുസ്തകം നമ്മെ പ്രോത്സാഹിപ്പിക്കുന്നു.

ഇതിനുമുമ്പുള്ള അഞ്ച് അധ്യായങ്ങളിൽ നാം കേട്ടതെല്ലാം അനുഷ്ഠിക്കുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്ന ശക്തമായ ഒരു ഉപസംഹാരമാണ് ആറാം അധ്യായത്തിന്റെ ആരംഭം. ഇതു നാം ചെയ്തുകൊണ്ട് മുമ്പോട്ടുപോകുന്നുവെങ്കിൽ, നാം ലക്ഷ്യത്തിലെത്തുകയും പക്വത പ്രാപിക്കുകയും ചെയ്യും. ഇത് എത്ര ലളിതമാണ്! നമുക്കെല്ലാവർക്കും മുമ്പോട്ടുപോകാം.

## നങ്കൂരത്തോടും മുൻഗാമിയോടുംകൂടെ അഭയത്തിലേക്ക് ഓടിപ്പോകുന്നു

ഇനി നാം ഈ ദൂതുകളിലെല്ലാം പറഞ്ഞ ആണിക്കല്ലിലേക്കു വരുന്നു—നങ്കൂരത്തോടും മുൻഗാമിയോടുംകൂടെ അഭയത്തിലേക്ക് ഓടിപ്പോകുന്നത് (6:9-20).

### I. അഭയം

"നമ്മുടെ മുമ്പാകെ വച്ച പ്രത്യാശയെ മുറുകെപ്പിടിക്കുവാൻ അഭയത്തിനായി ഓടിപ്പോന്ന"തിനെക്കുറിച്ച് വാക്യം 18 പറയുന്നു. ഒരു അഭയത്തിലേക്കു ഓടിപ്പോകുവാൻ പുതിയനിയമം നമ്മോടു പറയുന്നുവെന്ന് നിങ്ങൾ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ?

"അഭയത്തിനായി ഓടിപ്പോന്നു" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദം അർഥമാക്കുന്നത് തീവ്രമായി ഓടിപ്പോകുക എന്നാണ്; അത് തീവ്രമായ പലായനത്തെ സൂചിപ്പിക്കുന്നു. യവനപദത്തിന് അഭയത്തിന്റെ അർഥമില്ല. ഇംഗ്ലീഷിൽ തുല്യമായ പദം "ഓടിപ്പോയി" എന്നാണ്. പ്രവൃത്തികൾ 14:6-ൽ ഉപയോഗിച്ചിരിക്കുന്നത് അതേ യവനപദമാണ്, അവിടെ അപ്പൊസ്തലനയ പൗലൊസ് പട്ടണത്തിലെ ഉപദ്രവം ഹേതുവായി ഓടിപ്പോയി എന്നു പറയുന്നു. "അഭയത്തിനു വേണ്ടി" എന്നീ പദങ്ങൾ ചേർക്കുന്നത് തെറ്റല്ലെങ്കിലും അവ ഉപയോഗിക്കാതിരിക്കുന്നതായിരിക്കും നല്ലത്.

നാം നദി മുറിച്ചുകടക്കുന്നവർ മാത്രമല്ല; നാം ഓടിപ്പോകുന്നവരും ആണ്. എന്തിൽനിന്നാണ് നാം ഓടിപ്പോകുന്നത്? ക്രിസ്തുവും സഭാജീവിതവുമല്ലാത്ത സകലത്തിൽനിന്നും. ലോകം, യെഹൂദമതം, കത്തോലിക്കാ മതം, പ്രൊട്ടസ്റ്റന്റ് മതം എന്നിവയിൽ നിന്നും നമ്മിൽനിന്നും നാം ഓടിപ്പോകണം. ഡിപ്പാർട്ട്മെന്റ് സ്റ്റോറുകളെയും, ഈ യുഗത്തിന്റെ കാലഗതിയെയും, മതത്തെയും, നമ്മുടെ പഴയ ധാരണകളെയും, എല്ലാത്തരം പാരമ്പര്യങ്ങളെയും വിട്ട് നാം ഓടണം. ക്രിസ്തുവിൽനിന്ന് നമ്മെ അകറ്റിനിർത്തുകയും, ക്രിസ്തുവിൽനിന്നും നമ്മെ പിന്നിലേക്കു പിടിച്ചുവയ്ക്കുകയും ചെയ്യുന്ന എന്തിനെയും വിട്ട് നാം ഓടണം. ഈ വാക്യത്തിന്റെ നിരവധി വിവർത്തനങ്ങൾ ഞാൻ പരിശോധിച്ചിട്ടുണ്ട്. ചില ഭാഷ്യങ്ങൾ "ലോകത്തെ വിട്ടോടുക" എന്ന് പറയുന്നു. നമ്മുടെ പഴയ പദവിയെയും, അതിമോഹത്തെയും, സ്വയസ്നേഹത്തെയും വിട്ടോടണം. നാം സകലത്തെയും വിട്ടോടണം. എബ്രായ വിശ്വാസികൾ അവരുടെ പഴയ മതമായ യെഹൂദമതത്തെ വിട്ടോടണമെന്ന് ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ ആഗ്രഹിച്ചു എന്നതിന് സംശയമില്ല. അതിൽ തുടരുന്നത് അവർക്ക് അപകടകരമാകുമായിരുന്നു; അവർ ഓടിപ്പോകണമായിരുന്നു. ഓടിപ്പോകുക എന്നതിനുള്ള യവനപദം ഒരു സംരക്ഷണത്തിനായി ഓടിപ്പോകുന്നതിനെ സൂചിപ്പിക്കുന്നു. ഇക്കാരണത്താലാണ് വിവർത്തകർ "അഭയത്തിനായി" എന്ന പദം ചേർത്തത്. "എബ്രായ ക്രിസ്ത്യാനികളേ, നിങ്ങൾ വളരെ അപകടകരമായ ഒരു സാഹചര്യത്തിലാണ്, നിങ്ങൾ ഒരു സുരക്ഷിതസ്ഥാന ത്തേക്ക് ഓടിപ്പോകേണം" എന്ന് എഴുത്തുകാരൻ പറയുന്നതായി തോന്നുന്നു.

നാം ഓടിപ്പോകേണ്ട ഈ സുരക്ഷിതസ്ഥാനം, ഈ സുരക്ഷ എവിടെയാണ്? അത് ആത്മാവിലും, സഭയിലും, സ്വർഗത്തിലുമാണ്. സ്വർഗത്തിൽ എന്താണുള്ളത്? തിരശ്ശീലയ്ക്കു ള്ളിലെ അതിവിശുദ്ധസ്ഥലം. എബ്രായ ക്രിസ്ത്യാനികൾ പാളയത്തിൽ പിടിച്ചുവയ്ക്കപ്പെടുമെന്ന അപകടത്തിലായിരുന്നു. അവർ തിരശ്ശീല യ്ക്കുള്ളിലേക്ക് ഓടിപ്പോകണമായിരുന്നു. എഴുത്തുകാരൻ ഇങ്ങനെ

പറയുന്നതായി തോന്നുന്നു, "തിരശ്ശീലയ്ക്കുള്ളിൽ, അതിവിശുദ്ധസ്ഥലത്തേക്ക്, നിങ്ങളുടെ ആത്മാവിലേക്ക് ഓടിപ്പോകുക. നിങ്ങളുടെ ചാഞ്ചാടുന്ന ദേഹിയിൽ തങ്ങരുത്. നിങ്ങളുടെ അലയുന്ന മനസ്സിനെ വിട്ടോടുക. നിങ്ങൾക്ക് സുരക്ഷിതരായിരിക്കുവാൻ കഴിയുന്ന നിങ്ങളുടെ ആത്മാവിലേക്ക് ഓടിപ്പോകുക." അഭയം എന്താണെന്ന് കൃത്യമായി പറയുവാൻ പ്രയാസമാണെങ്കിലും, അത് കർത്താവായ യേശു ഇന്ന് ഇരിക്കുന്ന ഇടമായ സ്വർഗീയങ്ങളിലാണെന്ന് നമുക്കു പറയാം.

## II. നങ്കൂരം

6:9-20-ലെ സന്ദർഭമനുസരിച്ച്, എഴുത്തുകാരൻ "നങ്കൂരം" എന്ന പദം ഉപയോഗിച്ചുകൊണ്ട് നാമെല്ലാം കൊടുങ്കാറ്റുള്ള ഒരു കടലിലാണെന്നു ചിത്രീകരിക്കുന്നു. നാം കൊടുങ്കാറ്റുള്ള കടലിൽ സഞ്ചരിക്കുന്ന പടകിലായതിനാൽ നമുക്കൊരു നങ്കൂരം ആവശ്യമാണ്. നാം ഓടിപ്പോകേണ്ട സുരക്ഷിതസ്ഥാനം നമ്മുടെ തുറമുഖമാണെന്നതിന് സംശയമില്ല. ഈ തുറമുഖം നമ്മുടെ ആത്മാവിലും, സഭാജീവിതത്തിലും, കർത്താവായ യേശു ഇരിക്കുന്ന സ്വർഗീയങ്ങളിലെ അതിവിശുദ്ധസ്ഥലത്തുമാണ്. നാം ഈ തുറമുഖത്ത് തങ്ങണമെങ്കിൽ, നമുക്കൊരു നങ്കൂരം ഉണ്ടായിരിക്കണം. ദൈവത്തിന്റെ വാഗ്ദത്തവും ദൈവത്തിന്റെ ശപഥവും (വാ. 12-18) എന്ന രണ്ടു കാര്യങ്ങളാൽ സംരചിക്കപ്പെട്ട നമ്മുടെ പ്രത്യാശയാണ് നങ്കൂരം (വാ. 18-19). ദൈവത്തിന്റെ വാഗ്ദത്തം അവന്റെ ശപഥത്താൽ ഉറപ്പിക്കപ്പെടുന്നു. ദൈവത്തിന്റെ വാഗ്ദത്തം ദൈവത്തിന്റെ വചനവും, ദൈവത്തിന്റെ ശപഥം അവന്റെ അന്തിമ ഉറപ്പും ആണ്. ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദത്തത്താലും ശപഥത്താലും, നമ്മുടെ വിശ്വാസവും ദീർഘക്ഷമയും നമുക്കുണ്ട്, അത് നമ്മുടെ ദേഹിയുടെ നങ്കൂരമായ നമ്മുടെ പ്രത്യാശയിൽ പരിണമിക്കുന്നു. സുരക്ഷിതവും ഉറച്ചതുമായ ഒരു നങ്കൂരമെന്ന നിലയിൽ നമ്മുടെ പ്രത്യാശ തിരശ്ശീലയ്ക്കുള്ളിലെ അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കുകയും അതിനെ മുറുകെപ്പിടിക്കുകയും ചെയ്യുന്നു, ഇപ്പോൾ നമുക്ക് ആത്മാവിൽ പ്രവേശിക്കാം (10:19-20). പ്രത്യാശയുടെ ഈ നങ്കൂരത്താൽ നാം അതിവിശുദ്ധസ്ഥലത്ത് കാക്കപ്പെടുന്നു. ഇതില്ലെങ്കിൽ, നമുക്ക് കപ്പൽച്ചേതം സംഭവിക്കാം (1 തിമൊ. 1:19).

നാം ആയിരിക്കുന്ന ഏതു സാഹചര്യത്തെയും വിട്ട് നാം ഓടണം. ഏതു സാഹചര്യവും കൊടുങ്കാറ്റുള്ള ഒരു സമുദ്രമാണ്. നിങ്ങൾ ധനികനാണോ? നിങ്ങളുടെ ധനം കൊടുങ്കാറ്റുള്ള ഒരു സമുദ്രമാണ്. നിങ്ങൾ ദരിദ്രനാണോ? നിങ്ങളുടെ ദാരിദ്ര്യം കൊടുങ്കാറ്റുള്ള ഒരു സമുദ്രമാണ്. ഏതു സാഹചര്യവും കൊടുങ്കാറ്റുള്ള ഒരു സമുദ്രമാണെന്നു പറയുന്നത്, ഇന്നത്തെ വിശ്രമത്തിലേക്കു

പ്രവേശിക്കുന്നതിൽനിന്നും നിങ്ങളെ തടഞ്ഞുകൊണ്ട് അതിന് നിങ്ങളെ പിടിച്ചുവയ്ക്കുവാൻ കഴിയുമെന്നാണ് അർഥമാക്കുന്നത്. ഇതാണ് അപകടം. മിസ്രയീമിൽനിന്നും പുറത്തുവന്ന യിസ്രായേൽമക്കളുടെ മുൻകുറി നോക്കുക. മിസ്രയീമിൽനിന്നും രണ്ടു ദശലക്ഷത്തോളംപേർ വന്നിട്ടുണ്ടാകാമെങ്കിലും, അവരിൽ രണ്ടുപേർ മാത്രമാണ് വിശ്രമത്തിലേക്കു പ്രവേശിച്ചത്. മറ്റുള്ളവരെല്ലാം വ്യതിചലിച്ചുപോയി. നാം ഇന്ന് ഇതേ സാധ്യത അഭിമുഖീകരിക്കുന്നില്ലേ? നമ്മെ പിന്നിലേക്കു പിടിച്ചുവയ്ക്കുവാൻ കഴിയാത്തതായ ഒരു കാര്യവുമില്ല. സഭയിലെ മൂപ്പർ സ്ഥാനത്തിനുപോലും നിങ്ങളെ പിടിച്ചുവയ്ക്കുവാൻ കഴിയും. മൂപ്പന്മാരേ, നിങ്ങൾ മൂപ്പർ സ്ഥാനം വിട്ടോടുക. നാം ഓടിപ്പോകുന്നവരാണ്. നമ്മുടെ സ്വന്തം രാജ്യത്തെയും സ്ഥലത്തെയുംപോലും വിട്ടോടണം. ഓടിപ്പോകുന്ന ഈ വിഷയത്തിൽ എഴുത്തുകാരൻ തന്നെയും ഉൾപ്പെടുത്തി, കാരണം വാക്യം 18-ൽ അവൻ "നാം" എന്ന പദം ഉപയോഗിച്ചിരിക്കുന്നു. മുമ്പത്തെ അധ്യായങ്ങളിൽ ഇത്രയധികം നല്ല കാര്യങ്ങൾ പറഞ്ഞതിനുശേഷം, "ഓടിപ്പോകുക" എന്ന പദത്തോടുകൂടെ അവൻ അവസാനിപ്പിച്ചു.

## III. മുൻഗാമി

ക്രിസ്തു നമ്മുടെ രക്ഷാനായകൻ മാത്രമല്ല, നമ്മുടെ മുൻഗാമിയുമാണെന്ന് എഴുത്തുകാരൻ ഇപ്പോൾ നമ്മോടു പറയുന്നു. മുൻഗാമിയെന്ന നിലയിൽ കർത്താവായ യേശു കൊടുങ്കാറ്റുള്ള സമുദ്രത്തിലൂടെ കടന്നുപോകുവാനും മൽക്കീസേദെക്കിന്റെ ക്രമപ്രകാരം നമുക്കുവേണ്ടി മഹാപുരോഹിതനായിരിക്കുവാൻ സ്വർഗീയ തുറമുഖത്തിൽ പ്രവേശിക്കുവാനും നേതൃത്വമെടുത്തു. അങ്ങനെയുള്ള ഒരു മുൻഗാമിയെന്ന നിലയിൽ, അവൻ നമ്മുടെ രക്ഷാനായകനാണ് (2:10). മുൻഗാമിയെന്ന നിലയിൽ, അവൻ തേജസ്സിലേക്കുള്ള വഴിയൊരുക്കുകയും, നായകനെന്ന നിലയിൽ അവൻ തേജസ്സിലേക്ക്, തിരശ്ശീലയ്ക്കുള്ളിലെ അതിവിശുദ്ധസ്ഥലത്തേക്ക്, പ്രവേശിക്കുകയും ചെയ്തു. തിരശ്ശീലയ്ക്കുള്ളിലെ അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കുന്നതിന് കർത്താവായ യേശു സകലത്തെയും വിട്ടോടി. അവൻ തന്റെ അമ്മയെ വിട്ടോടി. അവൻ തന്റെ സഹോദരന്മാരെ വിട്ടോടി (മത്താ 12:46-50). അവൻ യെഹൂദമതത്തെ വിട്ടോടുകയും തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുകയും ചെയ്തു. യേശു സ്വർഗത്തിലേക്കു പ്രവേശിച്ചു എന്നല്ല ഇവിടെ നമ്മോടു പറയുന്നത്, മറിച്ച് അവൻ "തിരശ്ശീലയ്ക്കുള്ളിൽ" പ്രവേശിച്ചു എന്നാണ്. അവൻ ദൈവസന്നിധിയിലേക്കു പ്രവേശിച്ചു. പൂർണ്ണ ഉറപ്പോടെ നമ്മുടെ പ്രത്യാശയ്ക്ക് നാം നങ്കൂരമിട്ടിരിക്കുന്ന, തിരശ്ശീലയ്ക്കുള്ളിലെ ദൈവസന്നിധിയിലേക്കു പ്രവേശിക്കുന്നതിന് അവൻ സകലത്തെയും വിട്ടോടി (വാ. 19, 11).

എബ്രായലേഖനത്തിലെ നമ്മുടെ ജീവപഠനത്തിൽ ഇത്രയധികം ദൂതുകളിലൂടെ കടന്നുപോയശേഷം, ഓടിപ്പോകുന്ന ഈ കാര്യത്തിന് നാം ശ്രദ്ധ നല്കണം. സകലതും അപകടമായതുകൊണ്ട് നാം സകലത്തെയും വിട്ടോടണം. നിങ്ങളുടെ പഴയ ധാരണകളെ വിട്ടോടുക. നിങ്ങളുടെ സഭേതര ജീവിതത്തെ വിട്ടോടുക. നിങ്ങൾക്ക് സഭാജീവിതമില്ലെങ്കിൽ, ഒരു സംരക്ഷണവുമില്ലാതെ നിങ്ങൾ കൊടുങ്കാറ്റുള്ള ഒരു സമുദ്രത്തിലാണ്. നിങ്ങളുടെ അലയുന്ന മനസ്സ് കൊടുങ്കാറ്റുള്ള ഒരു സമുദ്രമാണ്. നിങ്ങൾക്ക് ഒരു സംരക്ഷണം ഉണ്ടായിരിക്കേണ്ടതിന് നിങ്ങളുടെ ആത്മാവിലേക്കും സഭാജീവിതത്തിലേക്കും ഓടിപ്പോകുക. ഈ ഓടിപ്പോക്ക് യഥാർഥ നദി മുറിച്ചുകടക്കലാണ്. ഈ ദൂതു വായിക്കുന്നവരിൽ അനേകരും ഓടിപ്പോകുകയും നദി മുറിച്ചുകടക്കുകയുമില്ലെന്ന് ഞാൻ ആശങ്കപ്പെടുന്നു. നമ്മുടെ ആത്മാവിലേക്കും സഭാജീവിതത്തിലേക്കും നമുക്ക് ഓടിപ്പോകാം. തിരശ്ശീലയ്ക്കുള്ളിലേക്ക്, അതിവിശുദ്ധസ്ഥലത്തേക്ക് നമുക്ക് ഓടിപ്പോകാം.